# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1886

05.10.2016-ൽ മറുപടിയ്ക്ക്

### മൂശാരികോവിൽ ശിൽപ പൈതൃകഗ്രാമം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ റ്റി.വി.രാജേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം മൂശാരികോവിൽ വെങ്കല ശിൽപ നിർമ്മാണവുമായി ബന്ധപ്പെട്ടത്തി ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് കേരള ലളിതകലാ അക്കാദമി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കേരള ലളിതകലാ അക്കാദമി കുഞ്ഞിമംഗലം മൂശാരികോവിലിൽ 2015 സെപ്റ്റംബർ 1 മുതൽ 10 വരെ ഒരു വെങ്കല ശില്പകലാ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. മൂശാരി കോവിലിനെ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| (ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കുഞ്ഞിമംഗലം മൂശാരി കോവിലിന് അനുവദിച്ച സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള 25 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കുഞ്ഞിമംഗലം മൂശാരി കോവിലിനായി പ്രഖ്യാപിച്ചിട്ടുള്ള 25 ലക്ഷം രൂപ, നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ